പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.843 — 11-06-2014 - ൽ മറുപടിയ്ക്ക്

**ബാവിക്കര പദ്ധതിയുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ): | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് മുനിസിപ്പാലിറ്റിയിലും പരിസര പഞ്ചായത്തുകളിലും കുടി വെള്ളം എത്തിക്കുന്നതിനുള്ള ബാവിക്കര പദ്ധതിയുടെ നിർമ്മാണ പുരോഗതി ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ ; | (എ) നദിക്കു കുറുകെയുള്ള റെഗുലേറ്ററിന്റെ നീളം 119 മീറ്ററാണ്. ഇതിൽ 62 മീറ്റർ നീളത്തിലുള്ള എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ തുടക്കത്തിലുള്ള എസ്റ്റിമേറ്റ് എത്രയായിരുന്നു; പ്രസ്തുത തുക ഇപ്പോൾ എത്ര രൂപയായി വർദ്ധിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) പ്രസ്തുത പ്രവൃത്തിക്ക് തുടക്കത്തിൽ അംഗീകാരം നൽകിയത്, 1999 നിരക്ക് പ്രകാരമുള്ള തുകയായ 263.45 ലക്ഷം രൂപയ്ക്കാണ്. ഇപ്പോൾ 2010 നിരക്ക് പ്രകാരം അംഗീകാരം നൽകിയത് 820.00 ലക്ഷം രൂപയ്ക്കാണ്. |
| (സി) ഈ പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാവും എന്ന് അറിയിക്കുമോ ? | (സി) സൈറ്റിന്റെ ഇപ്പോഴത്തെ അവസ്ഥയ്ക്ക് അനുയോജ്യമായ രീതിയിൽ പുതുക്കിയ ഡിസൈൻ തയ്യാറാക്കി അതനുസരിച്ചുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത എസ്റ്റിമേറ്റിന് അംഗീകാരം നൽകുന്ന മുറയ്ക്ക് മറ്റു നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ.